പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3284 — 20.06.2014- ൽ മറുപടിക്ക്

## വയോജന നയം

ചോദ്യം — ഉത്തരം

ശ്രീ. രാജു എബ്രഹാം — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജന നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വയോജന നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം 2006 പരിഷ്കരിച്ചും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപവൽക്കരിക്കുന്നതിനുള്ള മാർഗ്ഗരേഖയായി 06.05.2013 ലെ സ.ഉ (എം.എസ്)നം. 37/13/സാനീവ പ്രകാരം മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ് വയോജനങ്ങൾ എന്നും പുരുഷൻ, സ്ത്രീ എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ; | (ബി) | 2011-ൽ സംസ്ഥാന ജനസംഖ്യയുടെ 12.83 ശതമാനമാണ് വയോജനങ്ങൾ. ഏറ്റവും പുതിയ സർവ്വേ പ്രകാരം പുരുഷൻ, സ്ത്രീ എന്നിങ്ങനെ തരം തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല. |
| (സി) | വയോജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളത്; | (സി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 നിലവിലുണ്ട്. |
| (ഡി) | വയോജനങ്ങളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും ഊന്നൽ നൽകിക്കൊണ്ട് ഇവർക്ക് ഒത്തുകൂടാൻ പകൽവീട് പോലുള്ള പദ്ധതികൾ സർക്കാർ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ഡേ കെയർ സെന്ററും ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി ഡേ കെയർ സെന്ററുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയം 2013 വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ